


# മണ്ണെണ്ണ പെർമിറ്റും കളള്ളക്കളികളും

അടിമുടി വഞ്ചനയിൽ മുങ്ങിക്കുളിച്ച ഒരു മഹാമഹം കൂടി കൊട്ടും കുരവയും ആർപ്പുവിളികളുമായി അരങ്ങേറിക്കഴിഞ്ഞു. എല്ലാവരും പെർമിറ്റ് മണ്ണെണ്ണയും സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണ്.

ലക്ഷക്കണക്കിനു പേർ പെർമിറ്റ് ആവശ്യക്കാരുള്ള കേരളത്തിൽ ഇത്തവണ അനുവദിക്കാൻ കഴിയുന്ന പെർമിറ്റുകളുടെ എണ്ണം ഒരു ലക്ഷം മാത്രമാണെന്നും കൂടുതൽ വരുന്ന അപേക്ഷകളിൽ നിന്ന് ഇത്രയും പേരെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുമെന്ന് മുൻകൂട്ടി അറിയാമായിരുന്നിട്ടും ആളുകൾ കൈയും കണക്കുമില്ലാതെ അപേക്ഷകരായെത്തി. സമയപരിധി തീർന്നപ്പോൾ 20 ലക്ഷത്തോളം പേരാണ് സംസ്ഥാനത്ത് ഒട്ടാകെ അപേക്ഷ സമർപ്പിച്ചതായി പത്രങ്ങളിൽ വായിക്കാൻ കഴിഞ്ഞത്.

ഒരുപാട് കഷ്ടപ്പാട് സഹിച്ചാണ് ആളുകൾ അപേക്ഷ സമർപ്പിച്ചതുതന്നെ. സംസ്ഥാനത്തെ സപ്ലൈ ഓഫീസുകൾക്കുമുന്നിൽ നീണ്ട വരികളിൽ അഞ്ചും ആറും മണിക്കൂർ ക്യൂ നിന്നു. നിത്യവൃത്തിക്കുവേണ്ടി കൂലിവേലയെടുത്ത് കുടുംബം പുലർത്തുന്നവർക്കുപോലും പണിയുപേക്ഷിച്ച് ചടഞ്ഞുനിൽക്കേണ്ടിവന്നു. അപേക്ഷ കൊടുത്തതുകൊണ്ടുമാത്രം പെർമിറ്റ് കിട്ടുമെന്നതിന് യാതൊരു ഉറപ്പുമില്ല. എന്നിട്ടും ആളുകൾ വെറും ഭാഗ്യാന്വേഷികളായി.

മണ്ണെണ്ണ പെർമിറ്റ് സംഭവത്തിൽ മാത്രമല്ല. മറ്റു പല വിഷയങ്ങളിലും കേരളത്തിൽ ഈ ഭാഗ്യപരീക്ഷണം ഒരു പതിവായിരിക്കുകയാണ്. എങ്ങനെയാണ് നമ്മുടെ നാട്ടുകാർ ഇത്തരത്തിൽ ഭാഗ്യാന്വേഷികളായി മാറിയത്?.

1967–ൽ ഇ.എം.എസ്. സർക്കാരാണ് കേരളത്തിൽ ആദ്യമായി ലോട്ടറി എന്ന ഭാഗ്യപരീക്ഷണം നടപ്പിലാക്കിയത്. അവിടുന്നങ്ങോട്ട് നിരവധി ഭാഗ്യപരീക്ഷണങ്ങൾ പല രൂപങ്ങളിലും ഭാവങ്ങളിലും ഉണ്ടായി. വർഷങ്ങളിലൂടെ ഭാഗ്യാന്വേഷണത്തിലും വിധി വിശ്വാസത്തിലും തളച്ചിടപ്പെട്ട ഒരു സംസ്കാരം കേരളത്തിൽ വളരുകയായിരുന്നു. (തളച്ചിടപ്പെട്ടവർക്ക് മോചനമില്ല).

ശേഷം പേജ് 5 കോളം 1

# മണ്ണെണ്ണ പെർമിറ്റും

(ഒന്നാംപേജ് തുടർച്ച)

മണ്ണെണ്ണ പെർമിറ്റ് പ്രശ്നത്തിലും ഇതേ ഭാഗ്യാന്വേഷണത്തിനാണ് ജനങ്ങൾ മുതിർന്നത്.

സർക്കാർ ഉടമസ്ഥതയിലുള്ള നൂറ് ശതമാനം ഭാഗ്യപരീക്ഷണം. അൽപ്പം പ്രായോഗിക സമീപനമുണ്ടായിരുന്നെങ്കിൽ അപേക്ഷ കൊടുക്കുന്നതിലെ ജനങ്ങളുടെ ബുദ്ധിമുട്ടെങ്കിലും ഒഴിവാക്കിക്കൊടുക്കാമായിരുന്നു. ജനകീയാസൂത്രണത്തെക്കുറിച്ച് ഏറെ പാടിപ്പുകഴ്ത്തിക്കൊണ്ടിരിക്കുന്ന കാലമായിട്ടുകൂടി വികേന്ദ്രീകരണത്തെ കാറ്റിൽ പറത്തുന്ന സമീപനമാണ് അധികാരികൾ ഈ വിഷയത്തിൽ സ്വീകരിച്ചത്. ഗ്രാമപഞ്ചായത്തുകൾ വഴിയോ ജനകീയാസൂത്രണത്തിന്റെ തന്നെ ഭാഗമായ അയൽക്കൂട്ടങ്ങൾ വഴിയോ റേഷൻ കടകൾ തന്നെ വഴിയോ എത്രയോ എളുപ്പത്തിൽ ആളുകൾക്ക് മെനക്കെടുണ്ടാക്കാതെ ചെയ്യാവുന്ന കാര്യമായിരുന്നു ഇത്.

സാധാരണക്കാർ നീണ്ട ക്യൂവിൽനിന്ന് കഷ്ടപ്പെടുമ്പോൾ തന്നെ പലരും ക്യൂവിൽ നിൽക്കാതെ പിൻവാതിലിലൂടെ അപേക്ഷ നൽകിയിരുന്നു.

തൃശൂരിലെ അഞ്ചേരിയിലുള്ള ഒരാൾ ബോർഡുപോലും വച്ചാണ് അപേക്ഷകൾ വാങ്ങിച്ച് സപ്ലൈ ഓഫീസിൽ എത്തിച്ചിരുന്നത്. അപേക്ഷയൊന്നിന് 25 രൂപ നിരക്കിൽ 150 അപേക്ഷകൾ ഇയാൾ എഴുതി വാങ്ങി ഗ്രീൻ ചാനലിലൂടെ സപ്ലൈ ഓഫീസിൽ എത്തിച്ചതായി അറിയാം. ഇങ്ങനെ പലരും പിൻവാതിൽ ഉപയോഗപ്പെടുത്തിയിരുന്നു.

പെർമിറ്റ് വിഷയത്തിൽ സർക്കാരിന്റെ കപടമനോഭാവം തുടക്കം മുതൽ തന്നെ പ്രകടമായിരുന്നു. സർക്കാരിന്റെ എല്ലാ അപേക്ഷകൾക്കും കോർട്ട് ഫീ സ്റ്റാമ്പ് ഒരു രൂപയെന്നാണ് നിജപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, ആദ്യ ദിവസങ്ങളിൽ 5 രൂപയുടെ സ്റ്റാമ്പൊട്ടിച്ച അപേക്ഷകൾ മാത്രമേ സ്വീകരിച്ചിരുന്നുള്ളൂ. പത്രങ്ങൾ നിരന്തരം ഇടപെട്ടശേഷമാണ് ഒരു രൂപയുടെ അപേക്ഷകൾ സ്വീകരിക്കാൻ തുടങ്ങിയത്. സർക്കാർ ജനങ്ങളെ പരസ്യമായി കൊള്ളയടിച്ചതിന്റെ ഒന്നാന്തരം ഉദാഹരണം.

കുന്നുകൂടി കിടക്കുന്ന അപേക്ഷകളിൽനിന്ന് പരമാവധിയെണ്ണം എങ്ങനെ തള്ളിക്കളയാമെന്ന ആലോചനയിലാണ് സർക്കാരിപ്പോൾ. പരമാവധി അപേക്ഷകൾ തള്ളാൻ സർക്കാരിൽനിന്ന് രഹസ്യമായി ഓർഡറുണ്ടായിരുന്നു. ഭാഗ്യം തുണയ്ക്കുന്ന ആളുകളെ കഴിച്ചു ബാക്കിയുള്ളവർക്ക് മുൻഗണനാക്രമത്തിൽ പിന്നീട് പെർമിറ്റ് വിപുലീകരിക്കുമ്പോഴോ മറ്റോ കൊടുക്കാമെന്നല്ല പറയുന്നത്. പകരം, ഓരോ കാരണങ്ങൾ ആരോപിച്ചും നാട്ടുകാരുടെ ചെറിയ പിഴവുകൾ മുതലെടുത്തും അവരെ കുറ്റവാളികളാക്കി രക്ഷപ്പെടാൻ ശ്രമിക്കുകയാണ് സർക്കാർ.

ഒരുദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം. മണ്ണെണ്ണ പെർമിറ്റ് സ്വീകരിക്കുന്നതിന് ആഴ്ചകൾക്കു മുമ്പുതന്നെ അപേക്ഷാഫോറം ഇറക്കിയിരുന്നു. എന്നാൽ, പിന്നീട് ഈ ഫോറം മാറ്റി. ഇതറിയാതെ വന്ന പലരും പുതിയ ഫോറം വാങ്ങിച്ച് എഴുതിക്കൊടുക്കാൻ നിർബന്ധിതരായി. (വീണ്ടും സർക്കാരിന്റെ കൊള്ള.) അപേക്ഷാഫോറത്തിൽ കുടുംബനാഥൻ/ കുടുംബനാഥ തന്നെ ഒപ്പിടണമെന്ന് ചട്ടമുണ്ടായിരുന്നെങ്കിലും അപേക്ഷ ആർക്കുവേണമെങ്കിലും കൊണ്ടുകൊടുക്കാമായിരുന്നു. ജോലിയും മറ്റു പണികളുമുള്ള പലരും വീട്ടിലെ ഒഴിവുള്ള മറ്റംഗങ്ങളെയാണ് വിട്ടത്. അപേക്ഷാഫോറം മാറ്റിയപ്പോൾ ഗൃഹനാഥനിൽനിന്നു വീണ്ടും ഒപ്പ് വാങ്ങിച്ച് ഒരു ദിവസം കൂടി ക്യൂവിൽ നില്ക്കേണ്ട ബുദ്ധിമുട്ടോർത്തും കുറേ പേരെങ്കിലും അറിവില്ലായ്മ കൊണ്ടും അവിടെവച്ചുതന്നെ സ്വയം ഒപ്പിട്ടുകൊടുക്കുകയായിരുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ട് കുഴപ്പമില്ലെന്ന സംസാരമാണുണ്ടായിരുന്നത്. ഇപ്പോൾ കള്ള ഒപ്പെന്ന് (ഇതിന് പ്രേരിപ്പിച്ചത് സർക്കാർ തന്നെയാണ്) ആരോപിച്ച് ഇത്തരം അപേക്ഷകളെല്ലാം തള്ളുകയാണ്. കുറേപ്പേരുടെയെങ്കിലും അപേക്ഷകൾ നറുക്കെടുപ്പിനു മുമ്പുതന്നെ തള്ളിക്കളയാൻ ആസൂത്രിതമായി സർക്കാർ ഒപ്പിച്ചതായിരുന്നു ഫോറം മാറ്റൽ എന്ന നാടകം.

ഒടുവിലിപ്പോൾ നറുക്കെടുപ്പിനു മാന്യത പകരാൻ ഭക്ഷ്യ ഉപദേശക സമിതിയെ ഈ പ്രശ്നത്തിലേക്കു വലിച്ചിഴച്ചിരിക്കുകയാണ്. കളക്ടർ, സപ്ലൈ ഓഫീസർ എന്നിവരോടൊപ്പം ഭക്ഷ്യ ഉപദേശകസമിതി അംഗങ്ങളുടെകൂടി സാന്നിധ്യത്തിലാണത്രേ നറുക്കെടുപ്പ് നടത്താൻ പോകുന്നത്.

പെർമിറ്റ് എങ്ങനെ നല്കണമെന്ന് തീരുമാനിക്കുന്നതിനുമുമ്പ് ഭക്ഷ്യ ഉപദേശകസമിതിയുടെ ഉപദേശം തേടിയിരുന്നില്ല. നറുക്കെടുപ്പിന്റെ സമയമായപ്പോൾ നറുക്കെടുപ്പ് കുറ്റമറ്റതാണെന്നു തെളിയിക്കാൻ ആരോപണങ്ങളിൽനിന്നു രക്ഷപ്പെടാൻ സർക്കാർ ഭക്ഷ്യ ഉപദേശകസമിതിയുടെ സഹായം ആവശ്യപ്പെട്ടിരിക്കുകയാണ്.

ഭക്ഷ്യ ഉപദേശകസമിതിയിലെ പല ആളുകളും പുറത്തുനിന്നിരുന്നപ്പോൾ പേരുകേട്ട സാമൂഹ്യ പ്രവർത്തകരായി ചമഞ്ഞിരുന്നവരാണ്. എന്നാൽ, ജനങ്ങളെ പറ്റിക്കുന്ന ഒരു പരിപാടിയിൽ ഭക്ഷ്യ ഉപദേശകസമിതിയിലെ പൊതുപ്രവർത്തന പാരമ്പര്യമുള്ളവർ മൗനം ഭജിച്ച് സർക്കാരിന് കൂട്ടുനില്ക്കുന്നു. മോഹിപ്പിക്കുന്ന സർക്കാർ പദവികളിലുള്ള ആസക്തിയല്ലാതെ മറ്റൊരു കാരണവും ഇതിനു കണ്ടെത്താനാകുന്നില്ല. പ്രതിഷേധാർഹമാണിത്, സ്ഥാനമോഹം ഇത്രത്തോളമായിക്കൂടാ.